മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്

# മർത്ത്മറിയം വനിതാ സമാജം

O.S. CHURCH MARTHA MARIAM VANITHA SAMAJAM

പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രകാശിക്കുക

# ഭരണഘടന

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# മർത്ത്മറിയം വനിതാ സമാജം
# ഭരണഘടന

**(ശ്രേഷ്ഠാനുമതിയോടു കൂടിയതും 9,10-06-1965-ൽ കൂടിയ പരിശുദ്ധ സുന്നഹദോസിൽ അംഗീകരിച്ചതും 30-07-1968-ലും, 28-02-1981-ലും കൂടിയ പരിശുദ്ധ സുന്നഹദോസ് അംഗീകരിച്ച ഭേദഗതികൾ ചേർത്തതും)**

### പ്രഖ്യാപനം

പൗരസ്ത്യ കാതോലിക്കാ ബാവാ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ തിരുമനസ്സിലെ ശ്രേഷ്ഠാദ്ധ്യക്ഷതയിലും നി.വ. ദി.ശ്രീ.മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ മഹനീയ സാന്നിദ്ധ്യത്തിലും 24-08-1964-ൽ കോട്ടയം എം.ഡി.സെമിനാരി സ്കൂളിൽ ചേർന്ന മർത്തമറിയം സമാജപ്രവർത്തകരുടെ യോഗത്തിന്റെ നിശ്ചയമനുസരിച്ച് രൂപമെടുത്ത പൗരസ്ത്യ ഓർത്തഡോക്സ് മർത്ത്മറിയം വനിതാ സമാജത്തിനുവേണ്ടി ഈ ഭരണഘടന എഴുതിയിട്ടുള്ളതാകുന്നു.

### 1. പേര് :

ഈ സമാജത്തിന്റെ പേര് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മർത്ത്മറിയം വനിതാ സമാജം എന്നാക്കിയിരിക്കുന്നതാണ്.

### 2. ഉദ്ദേശ്യം :

a) ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും പഠിപ്പിക്കുകയും ക്രിസ്തീയ ജീവിതം പരിപുഷ്ടിപ്പെടുത്തുകയും ചെയ്യുക.

b) വനിതകളുടെ ആദ്ധ്യാത്മികവും, വിദ്യാഭ്യാസപരവും, സാംസ്കാരികവും, സാമൂഹ്യവുമായ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക.

c) യഥാർത്ഥ ക്രിസ്തീയ കുടുംബജീവിതം നയിക്കുന്നതിനും സ്വദേശത്തും വിദേശത്തും ക്രിസ്തേതരുടെ ഇടയിലും ക്രിസ്തീയ ശുശ്രൂഷ നിർവ്വഹിക്കുന്നതിനും സഹായിക്കുക.

### 3. പ്രവർത്തനം

a) ഓരോ ഇടവകയിലും ആവശ്യാനുസരണം ശാഖാ സമാജങ്ങൾ സ്ഥാപിച്ചു പ്രവർത്തിക്കുക.

b) അംഗങ്ങളുടെ ആത്മീയ പുരോഗതിയ്ക്കായി വേദാദ്ധ്യായം, ധ്യാനയോഗം, സഭാ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ മുതലായവ നടത്തുക.

c) ക്രിസ്തീയ ശുശ്രൂഷ സ്വദേശത്തും വിദേശത്തും നടത്തുന്ന തിന് സഹായിക്കുക.

d) സാമൂഹ്യ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.

e) സമാജത്തിന്റെ ജോലി നിർവിഘ്നം നടത്തിക്കൊണ്ടുപോകു ന്നതിൽ പ്രവർത്തകരെ പരിശീലിപ്പിക്കുക.

f) വിധവാ മന്ദിരങ്ങൾ, ഹോസ്റ്റലുകൾ, നഴ്സറി സ്കൂളുകൾ, ആതുര ശാലകൾ, അനാഥ ശാലകൾ മുതലായവ നടത്തുക.

g) അദ്ധ്യാപികമാർ, നഴ്സുമാർ, ഉദ്യോഗസ്ഥകളായ മറ്റ് വനിത കൾ എന്നീ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കായി കാര്യവിചാരകത്വ ക്ലാസ്സുകൾ നടത്തുക.

h) പ. സഭയുടെ നേതൃനിരയിൽ പ്രവർത്തിക്കുന്നതിന് വനിത കളെ സജ്ജരാക്കുന്നകതിന് സഹായകരമായവിധം സ്ത്രീശ ക്തീകരണം സാദ്ധ്യമാക്കുക.

i) മേൽ വിവരിച്ചവയ്ക്കായി പണം ശേഖരിക്കുകയും സൂക്ഷിക്കു കയും ചെലവഴിക്കുകയും ചെയ്യുക.

### 4. കേന്ദ്ര സമാജം

a) ഓരോ ഇടവകയിലുമുള്ള ഓരോ ശാഖാ സമാജവും കേന്ദ്ര സമാജത്തിന്റെ ഘടകം ആകുന്നു.

b) ഓരോ ഘടക സമാജവും 50 രൂപ കൊടുത്ത് രജിസ്റ്റർ ചെയ്തി

രിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ 25 രൂപ കൊടുത്ത് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാകുന്നു.

കേരളത്തിനു പുറത്തുള്ളവർ (ഇന്ത്യയിൽ) 100 രൂപ കൊടുത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ 50 രൂപ കൊടുത്ത് രജിസ്ട്രേഷൻ നടത്തേണ്ടതുമാകുന്നു.

ഇന്ത്യക്കുപുറത്തുള്ളവർ 200 രൂപ കൊടുത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതും, തുടർന്നുള്ള വർഷങ്ങളിൽ 100 രൂപ കൊടുത്ത് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാകുന്നു.

1. **ആഫീസ്:** സമാജത്തിന് ഒരു കേന്ദ്ര ആഫീസ് ഉണ്ടായിരിക്കേണ്ടതാണ്.

2. **രക്ഷാധികാരി:** പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഈ സമാജത്തിന്റെ പരമാധികാരി ആയിരിക്കുന്നതാകുന്നു.

3. **പ്രസിഡന്റ്:** പരിശുദ്ധ സുന്നഹദോസിന്റെ ആലോചനയോടുകൂടി പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിയമിക്കുന്ന മെത്രാപ്പോലീത്താ സമാജം പ്രസിഡന്റായിരിക്കുന്നതാകുന്നു.

4. **കമ്മറ്റി:** സമാജത്തിന്റെ നടത്തിപ്പിനായി ഒരു കേന്ദ്രകമ്മറ്റി ഉണ്ടായിരിക്കുന്നതാകുന്നു. പ്രസ്തുത കമ്മറ്റിയിൽ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഖജാൻജി എന്നിവരും ഓരോ ഭദ്രാസന ഇടവകയിൽ നിന്നും ഭദ്രാസന സമാജം സെക്രട്ടറിയും, ഭദ്രാസന സമാജപ്രതിനിധി സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധിയും അംഗങ്ങളായിരിക്കുന്നതുമാകുന്നു. കമ്മറ്റി ആണ്ടിൽ 3 പ്രാവശ്യമെങ്കിലും കൂടേണ്ടതും, പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ 40 അംഗങ്ങൾ ആയിരിക്കുന്നതും, കമ്മറ്റിയുടെ കാലാവധി 5 വർഷം ആയിരിക്കുന്നതുമാകുന്നു. കമ്മറ്റിയുടെ ആകെ അംഗസംഖ്യയുടെ അഞ്ചിൽ മൂന്ന് കോറം ആയിരിക്കുന്നതുമാകുന്നു.

5. **വൈസ് പ്രസിഡന്റ്:** പ്രസിഡന്റ് നിയമിക്കുന്ന ഒരു വൈദികൻ വൈസ് പ്രസിഡന്റ് ആയിരിക്കുന്നതാകുന്നു.

6. **ജനറൽ സെക്രട്ടറി:** പ. കാതോലിക്കാ ബാവാ പ്രസിഡന്റ് തിരുമേനിയുടെ ആലോചനയോടുകൂടി നിയമിക്കുന്നയാൾ ജനറൽ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

7. **ജോയിന്റ് സെക്രട്ടറി:** പ്രസിഡന്റ് തിരുമനസ്സുകൊണ്ട് നിയമിക്കേണ്ടതാകുന്നു.

8. **ഖജാൻജി:** കേന്ദ്രകമ്മറ്റിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഖജാൻജി ആയിരിക്കുന്നതാകുന്നു.

9. **കമ്മറ്റിയുടെ ചുമതല:** ഓരോ ഭദ്രാസനത്തിലുമുള്ള സമാജാംഗങ്ങളുടെ പ്രവർത്തനം ഏകീകരിക്കുക, സമാജത്തിന്റെ പ്രവർത്തനങ്ങൾ നടപ്പിൽവരുത്തുക, ബഡ്ജറ്റ്, കണക്ക്, ബാലൻസ് ഷീറ്റ് ഇവ തയ്യാറാക്കുക, ഉപനിബന്ധനകൾ ഉണ്ടാക്കുക, റിക്കാർഡുകൾ,ഫോറങ്ങൾ, അംഗത്വകാർഡ് എന്നിവ തയ്യാറാക്കുക.

10. **കമ്മറ്റിയംഗങ്ങളുടെ ചുമതലകൾ:**

*a) പ്രസിഡന്റ്:* കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിക്കുക, വൈസ് പ്രസിഡന്റിനെ നിയമിക്കുക, ജോയിന്റ് സെക്രട്ടറിയെ നിയമിക്കുക, കമ്മറ്റി അംഗങ്ങൾക്ക് നിയമന കൽപന നൽകുക. ഈ നിയമാവലിയിൽ പരാമർശിക്കപ്പെടാത്തതും, അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായി വരുന്നതുമായ നടപടികൾ കൈക്കൊള്ളുക.

*b) വൈസ് പ്രസിഡന്റ്:* പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റ് കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിക്കേണ്ടതാകുന്നു.

*c) ജനറൽ സെക്രട്ടറി:* ഭദ്രാസന സെക്രട്ടറിമാരുമായി എഴുത്തുകുത്തുകൾ നടത്തുക, അവരുടെ റിക്കാർഡുകൾ പരിശോധിക്കുക, പൊതുവാർഷിക സമ്മേളനം, പരിശീലന ക്ലാസ്സ് ക്രമീകരിക്കുക എന്നിവ ജനറൽ സെക്രട്ടറിയുടെ പ്രത്യേക ചുമതല ആയിരിക്കുന്നതാകുന്നു. ജനറൽ സെക്രട്ടറി ആണ്ടിലൊ

രിക്കലെങ്കിലും ഓരോ ഭദ്രാസനത്തിലുമുള്ള സെക്രട്ടറിമാരുടെ ഓരോ മീറ്റിംഗിലുമെങ്കിലും സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതാകുന്നു. ജനറൽ സെക്രട്ടറി തൽസ്ഥാനത്തു നിന്നും വിരമിക്കുമ്പോൾ സമാജം വക റിക്കാർഡുകൾ പ്രസിഡന്റിനെ ഏൽപ്പിക്കേണ്ടതാകുന്നു. അത്യാവശ്യ ചെലവുകൾക്കായി 5000 രൂപയിൽ കവിയാത്ത ഒരു തുക ജനറൽ സെക്രട്ടറിക്ക് കൈവശം വച്ചുകൊണ്ടിരിക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതാകുന്നു. ജനറൽ സെക്രട്ടറി ഖജാൻജിയുടെ സഹകരണത്തോടുകൂടി ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്രകമ്മറ്റിയിൽ അവതരിപ്പിക്കേണ്ടതാകുന്നു. ജനറൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം മേൽ പ്രസ്താവിച്ച എല്ലാ കാര്യത്തിനും അസിസ്റ്റന്റ് സെക്രട്ടറി സഹകരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

*d) ഖജാൻജി:* സമാജം വക പണത്തിന്റെ ഉത്തരവാദിത്വം ഖജാൻജിയിൽ നിക്ഷിപ്തമാകുന്നതാണ്. ബഡ്ജറ്റിലെ വ്യവസ്ഥയനുസരിച്ച് കമ്മറ്റിയുടെ നിശ്ചയപ്രകാരം പണം ചെലവു ചെയ്യുക. സമാജംവക പണം പ്രസിഡന്റിന്റേയും, ഖജാൻജിയുടേയും പേരിൽ ജോയിന്റ് അക്കൗണ്ടായി കമ്മറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കുക. ജനറൽ സെക്രട്ടറിയെ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുക. ഇവയെല്ലാം ഖജാൻജിയുടെ ചുമതല ആയിരിക്കുന്നതാകുന്നു. കാലാവധി അവസാനിക്കുമ്പോഴും ഏതെങ്കിലും കാരണവശാൽ ഖജാൻജി സ്ഥാനം രാജിവയ്ക്കുമ്പോഴും റിക്കാർഡുകൾ പ്രസിഡന്റിനെ ഏൽപിക്കേണ്ടതാകുന്നു.

11. **വാർഷിക സമ്മേളനം:** കേന്ദ്രകമ്മറ്റിയുടെ നിശ്ചയമനുസരിച്ച് ജനറൽ സെക്രട്ടറി വാർഷിക സമ്മേളനം വിളിച്ചുകൂട്ടേണ്ടതും,ടി സമ്മേളനത്തിന് 30 ദിവസം മുമ്പെങ്കിലും നോട്ടീസ് കൊടുക്കേണ്ടതുമാകുന്നു. ഓരോ ശാഖാ സമാജത്തിൽ നിന്നും കഴിയുന്നത്ര അംഗങ്ങൾ ഈ സമ്മേളനത്തിൽ സംബന്ധിക്കേണ്ടതാകുന്നു.

12. **വരുമാനം:** i) ശാഖാ സമാജങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, സഭാംഗങ്ങളിൽ നിന്നുമുള്ള സംഭാവനകൾ, കാതോലിക്കാ

നിധിപ്പിരിവിൽ നിന്നുമുള്ള വിഹിതം ഇവ കേന്ദ്ര സമാജത്തിന്റെ വരുമാന മാർഗ്ഗങ്ങളായിരിക്കുന്നതാകുന്നു.

ii) കേന്ദ്രകമ്മറ്റി അംഗങ്ങളുടെയും സെക്രട്ടറിമാരുടെയും യാത്രാച്ചെലവ് കേന്ദ്രകമ്മറ്റി വഹിക്കേണ്ടതാകുന്നു. വരവു ചെലവു കണക്ക് ആണ്ടുതോറും ആഡിറ്റ് ചെയ്ത് പ്രസിദ്ധ പ്പെടുത്തേണ്ടതാകുന്നു.

iii) തുടർച്ചയായി 3 കമ്മറ്റി മീറ്റിംഗുകളിൽ മുന്നറയിപ്പുകൂടാതെ സംബന്ധിക്കാത്ത അംഗങ്ങളെ അതാത് ഭദ്രാസന മെത്രാപ്പോ ലീത്തായെ അറിയിച്ചതിനുശേഷം പ്രസിഡന്റിന്റെ അനുവാദ ത്തോടുകൂടി കമ്മറ്റിയിൽ നിന്ന് നീക്കാവുന്നതാകുന്നു.

## 5. ഭദ്രാസന സമാജം

1. ഓരോ ഭദ്രാസനത്തിലുമുള്ള ശാഖാ സമാജങ്ങൾ ചേർന്ന് ഭദ്രാ സന സമാജം ആയിരിക്കുന്നതാകുന്നു.

2. **അംഗത്വം:** ഓരോ ഭദ്രാസനത്തിലുമുള്ള ശാഖാ സമാജങ്ങൾ ഇതിലെ അംഗങ്ങൾ ആയിരിക്കുന്നതുമാകുന്നു. ഓരോ ശാഖാ സമാജവും പ്രതിവർഷം 25 രൂപയിൽ കുറയാതെയുള്ള ഒരു തുക ഭദ്രാസന സമാജത്തിൽ ഏൽപ്പിക്കേണ്ടതാകുന്നു.

3. **ഭരണം:**

a) ഓരോ ഭദ്രാസനത്തിലുമുള്ള സമാജങ്ങളുടെ നടത്തിപ്പിന് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, ഗ്രൂപ്പ് സെക്രട്ടറിമാർ എന്നിവരുൾപ്പെടെ 20-ൽ കവിയാത്ത അംഗങ്ങ ളുള്ള ഒരു ഭദ്രാസന കമ്മറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു. സ്ഥാന ന്യായേനയുള്ളവരെ കൂടാതെയുള്ള അംഗങ്ങളെ വാർഷിക ത്തോടനുബന്ധിച്ച് നടത്തുന്ന പ്രതിനിധി സമ്മേളനത്തിൽവ ച്ചോ, വാർഷിക പൊതുസമ്മേളനത്തിൽവച്ചോ തെരഞ്ഞെടു ക്കാവുന്നതാകുന്നു. തെരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി 3 വർഷമായിരിക്കും. കമ്മറ്റിയുടെ കോറം 12 ആയിരിക്കുന്ന താകുന്നു. കമ്മറ്റിയുടെ കാലാവധി 5 വർഷം ആയിരിക്കും.

b) പ്രസിഡന്റ് : ഇടവക മെത്രാപ്പോലീത്താ കമ്മറ്റിയുടെ പ്രസി ഡന്റായിരിക്കുന്നതാകുന്നു.

c) വൈസ് പ്രസിഡന്റ്: പ്രസിഡന്റ് നിയമിക്കുന്ന ഒരു വൈദികൻ വൈസ് പ്രസിഡന്റായിരിക്കേണ്ടതാണ്.

d) സെക്രട്ടറി: പ്രസിഡന്റ് ഭദ്രാസന സെക്രട്ടറിയെ നിയമിക്കുന്നതാകുന്നു.

e) ഖജാൻജി: കമ്മറ്റി അംഗങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു ഖജാൻജി ഉണ്ടായിരിക്കാവുന്നതാകുന്നു.

f) കമ്മറ്റി അംഗങ്ങളുടെ ചുമതലകൾ:

i) പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ഖജാൻജി എന്നിവരുടെ ചുമതലകൾ കേന്ദ്രകമ്മറ്റി അംഗങ്ങളുടെ ചുമലകൾക്ക് (4:9, a, b, d) സമാനമായ രീതിയിൽ മെത്രാസന തലത്തിൽ ആയിരിക്കുന്നതാണ്.

ii) ഭദ്രാസന സെക്രട്ടറി: ശാഖാ സമാജ സെക്രട്ടറിമാരുമായി എഴുത്തുകുത്തുകൾ നടത്തുക, സമാജങ്ങൾ സന്ദർശിക്കുക, റിക്കാർഡുകൾ പരിശോധിക്കുക, പുതിയ സമാജങ്ങൾ സ്ഥാപിക്കുക, നിലവിലുള്ളവയെ പ്രോത്സാഹിപ്പിക്കുക, അവയുടെ പ്രവർത്തനത്തിന് ഏകീകരണം വരുത്തുക, കമ്മറ്റി മീറ്റിംഗുകളുടെയും, വാർഷിക സമ്മേളനത്തിന്റെയും മിനിറ്റ്സ് സൂക്ഷിക്കുക, ജനുവരി, ജൂലൈ മാസങ്ങളിൽ യഥാക്രമം അർദ്ധവാർഷിക, വാർഷിക റിപ്പോർട്ടുകൾ കേന്ദ്ര ജനറൽസെക്രട്ടറിക്ക് അയച്ചുകൊടുക്കുക എന്നിവ ഭദ്രാസന സെക്രട്ടറിയുടെ ചുമതല ആയിരിക്കുന്നതാകുന്നു. ഭദ്രാസന സെക്രട്ടറിക്ക് 2000 രൂപായിൽ കവിയാത്ത ഒരു തുക കൈവശം വെച്ചുകൊണ്ടിരിക്കാവുന്നതും ആകുന്നു.

g) വാർഷിക സമ്മേളനം: ആണ്ടിൽ ഒരിക്കൽ കമ്മറ്റി നിശ്ചയിക്കുന്ന സ്ഥലത്തുവച്ച് വാർഷിക സമ്മേളനം നടത്തേണ്ടതാകുന്നു. ആ സമ്മേളനത്തിൽ ശാഖാ സമാജങ്ങളിൽനിന്നും കഴിവുള്ളത്ര അംഗങ്ങൾ സംബന്ധിക്കേണ്ടതാകുന്നു.

h) വരുമാനം: സഭാംഗങ്ങളിൽ നിന്നുള്ള സംഭാവന, ശാഖാ സമാജങ്ങളിൽ നിന്നുള്ള ക്വോട്ടാ; ഭദ്രാസനത്തിൽ നിന്നുമുള്ള വിഹിതം, ഇവ ഭദ്രാസന സമാജത്തിന്റെ വരുമാന മാർഗ്ഗങ്ങളായിരിക്കുന്നതാകുന്നു.

## 6. ഗ്രൂപ്പുകൾ

i) ഒരു ഭദ്രാസന സമാജത്തെ സൗകര്യാർത്ഥം പല ഗ്രൂപ്പുകളായി തിരിക്കാവുന്നതാകുന്നു. സമീപ സമാജങ്ങൾ ഒരു ഗ്രൂപ്പിൽ ചേർന്നിരിക്കേണ്ടതാകുന്നു.

ii) ഗ്രൂപ്പ് സെക്രട്ടറിമാർ: ഓരോ ഗ്രൂപ്പിലും ഭദ്രാസന സെക്രട്ടറിയെ സഹായിക്കുന്നതിന് ഗ്രൂപ്പ് സെക്രട്ടറിമാർ ഉണ്ടായിരിക്കേണ്ടതാകുന്നു. ഗ്രൂപ്പിലുള്ള സമാജങ്ങൾ സന്ദർശിക്കുക, ആണ്ടിലൊരിക്കലെങ്കിലും ഒരിടവകയിൽ വച്ച് ഗ്രൂപ്പ് മീറ്റിംഗുകൾ നടത്തത്തക്കവണ്ണം ക്രമീകരിക്കുക, ഗ്രൂപ്പിന്റേതായി ക്ലാസ്സുകൾ, ധ്യാനം മുതലായവ നടത്തുക, ഗ്രൂപ്പ് സെക്രട്ടറിക്ക് ഭദ്രാസന സമാജത്തിൽനിന്നോ, ഗ്രൂപ്പ് മീറ്റിംഗിൽ നിന്നോ ലഭിക്കുന്ന പണത്തിന്റെ കണക്കെഴുതി സൂക്ഷിക്കുക, റിപ്പോർട്ട് ഫോറങ്ങൾ പൂരിപ്പിച്ച് യഥാസമയം ഭദ്രാസന സെക്രട്ടറിക്ക് അയച്ചുകൊടുക്കുക എന്നിവ ഗ്രൂപ്പ് സെക്രട്ടറി ചെയ്യേണ്ടതാകുന്നു.

iii) ഓരോ ഗ്രൂപ്പിനും ഒന്നോ അതിലധികമോ ജോയിന്റ് സെക്രട്ടറിമാരെ വാർഷിക സമ്മേളനത്തിൽ വച്ചോ വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന പ്രതിനിധി സമ്മേളനത്തിൽവച്ചോ തെരഞ്ഞെടുക്കേണ്ടതാകുന്നു. ഈ സെക്രട്ടറിമാരുടെ കാലാവധി 3 വർഷത്തേയ്ക്കായിരിക്കുന്നതാകുന്നു.

iv) ഗ്രൂപ്പ് മീറ്റിംഗിൽ, ഗ്രൂപ്പ് സെക്രട്ടറി കഴിഞ്ഞ ഗ്രൂപ്പ് മീറ്റിംഗിനു ശേഷം അതുവരെയുള്ള പ്രവർത്തനത്തിന്റെ റിപ്പോർട്ടും കണക്കും വായിക്കേണ്ടതും മുൻ ഗ്രൂപ്പ് മീറ്റിംഗ് മുതൽ അന്നുവരെ നടന്നിട്ടുള്ള പ്രവർത്തനത്തിന്റെ റിപ്പോർട്ട് ശാഖാ സെക്രട്ടറിമാർ വായിക്കേണ്ടതും, ഗ്രൂപ്പ് മീറ്റിംഗിൽ ഓരോ ശാഖാ സമാജത്തിൽ നിന്നും സന്നിഹിതരായിരിക്കുന്നവരുടെ സംഖ്യ തിട്ടപ്പെടുത്തേണ്ടതും സ്തോത്രകാഴ്ച, കാര്യാലോചന എന്നിവയും ഉണ്ടായിരിക്കേണ്ടതുമാകുന്നു. സ്തോത്രകാഴ്ചയുടെ പകുതി ഗ്രൂപ്പ് മീറ്റിംഗിന്റെ ചെലവിലേക്കും പകുതി ഗ്രൂപ്പ് സെക്രട്ടറിക്കും സമാജ സംബന്ധമായ ചെലവുകൾക്കായി ഇരിക്കുന്നതാകുന്നു. ഇവയ്ക്കുപുറമേ ക്ലാസ്സുകൾ, ഉപന്യാസ വായന, പ്രസംഗം മുതലായവയും ഉണ്ടായിരിക്കേണ്ടതാകുന്നു.

## 7. ശാഖാ സമാജം

1. a) ഒരിടവകയിൽ ഒരു സമാജമെങ്കിലും ഉണ്ടായിരിക്കണം. ആവശ്യാനുസരണം ഇടവകയുടെ ആഭിമുഖ്യത്തിൽ പല സ്ഥലങ്ങളിൽവച്ച് കൂടുതൽ സമാജങ്ങൾ നടത്താവുന്നതാകുന്നു.

b) മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ എല്ലാ സ്ത്രീകൾക്കും ഈ സമാജത്തിന്റെ അംഗങ്ങളായിരിക്കാവുന്നതാകുന്നു. അംഗങ്ങൾ അംഗത്വ കാർഡ് സ്വീകരിച്ച് ഒപ്പിട്ടുകൊടുക്കുമ്പോൾ രജിസ്റ്ററിൽ പേര് ചേർക്കാവുന്നതാകുന്നു.

c) അംഗങ്ങൾ 18 വയസ്സിനുമേൽ പ്രായമുള്ളവരായിരിക്കണം. പ്രായം കുറഞ്ഞ പെൺകുട്ടികൾക്കും സമാജത്തിൽ സംബന്ധിക്കാവുന്നതാകുന്നു.

d) പള്ളിക്കുറ്റത്തിൽ നിൽക്കുന്നവർക്ക് സമാജത്തിൽ അംഗങ്ങളായിരിക്കുവാൻ സാദ്ധ്യമല്ല.

e) അംഗങ്ങൾ ശാഖാസമാജം നിശ്ചയിക്കുന്ന അംഗത്വ ഫീസ്, മാസവരി തുടങ്ങിയവ ക്രമമായി കൊടുക്കേണ്ടതാകുന്നു.

2. ഭരണം :

a) ഓരോ സമാജത്തിനും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരുൾപ്പെടെ 5 അംഗങ്ങൾ എങ്കിലും ഉള്ള ഒരു കമ്മറ്റി ഉണ്ടായിരിക്കേണ്ടതാകുന്നു.

b) ശാഖാ സമാജത്തിന്റെ പ്രസിഡന്റ് ഇടവക വികാരി ആയിരിക്കേണ്ടതാകുന്നു.

c) കമ്മറ്റിയുടെ കാലാവധി ഒരു കൊല്ലത്തേക്ക് ആയിരിക്കുന്നതാകുന്നു.

d) കമ്മറ്റി അംഗങ്ങളെ വാർഷിക സമ്മേളനത്തിനു ശേഷമുള്ള ആദ്യ സമാജ ദിവസം തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുപ്പിന് ഇടവക വികാരിയുടെ അംഗീകാരം ലഭിക്കേണ്ടതുമാകുന്നു.

e) അടുത്ത തെരഞ്ഞെടുപ്പ് വരെ കമ്മറ്റി ജോലി തുടരേണ്ടതും അംഗങ്ങൾ വീണ്ടും തെരഞ്ഞെടുക്കപ്പെടാവുന്നതുമാകുന്നു.

f) കമ്മറ്റിയോഗങ്ങൾ പ്രസിഡന്റിനോ, അനുമതിയോടുകൂടി സെക്രട്ടറിക്കോ വിളിച്ചുകൂട്ടാവുന്നതാകുന്നു.

g) കമ്മറ്റിയുടെയും സാധാരണ യോഗങ്ങളുടെയും മിനിറ്റ്സും സമാജത്തിന്റെ കണക്കുകളും സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.

h) യൂണിറ്റ് പ്രവർത്തന റിപ്പോർട്ട് മാസാന്ത്യത്തിൽ ഭദ്രാസനത്തിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

i) സമാജംവക പണം പ്രസിഡന്റിന്റെയും ഖജാൻജിയുടെയും ചുതമലയിൽ സൂക്ഷിക്കേണ്ടതാകുന്നു. സെക്രട്ടറിയും ഖജാൻജിയും പ്രത്യേകം കണക്കുകൾ എഴുതുകയും ചെയ്യേണ്ടതാകുന്നു. 500 രൂപായിൽ കവിയാതെയുള്ള തുക അത്യാവശ്യ സന്ദർഭങ്ങളിൽ ചെലവിടുന്നതിനായി സെക്രട്ടറിക്ക് അനുവാദമുണ്ടായിരിക്കുന്നതാകുന്നു.

j) സമാജ പരിപാടിയിൽ പ്രാർത്ഥന (ഒരു കൗമാ) ഹാജർ, മിനിറ്റ്സ് വായന, വേദപുസ്തക വായന, (കേന്ദ്രത്തിൽനിന്നുള്ള നിർദ്ദേശം അനുസരിച്ചുള്ള ഭാഗങ്ങൾ) പാട്ട്, മദ്ധ്യസ്ഥ പ്രാർത്ഥന, വാക്യം പഠിക്കൽ കാര്യാലോചന ഇവ ഉണ്ടായിരിക്കേണ്ടതാകുന്നു. കൂടാതെ പ്രസംഗം, വേദപഠനം, ചർച്ചകൾ, ഗീതാഭ്യാസം, പുസ്തക പാരായണം എന്നിവയും സൗകര്യം പോലെ ഉണ്ടായിരിക്കാവുന്നതാകുന്നു.

3. **വരുമാനം:** അംഗങ്ങളിൽ നിന്നും ലഭിക്കുന്ന മാസവരി, പിടിയരി, ആദ്യഫല ശേഖരണം, കൗതുക വിൽപ്പന മുതലായവയിൽ നിന്ന് ലഭിക്കുന്ന പണം ഓരോ ഇടവകയിൽ (പളളിയിൽ) നിന്നും ലഭിക്കുന്ന ധനസഹായം അംഗങ്ങളിൽ നിന്നും സന്ദർഭോചിതമായി ലഭിക്കുന്ന പിരിവുകൾ ഇവ സമാജത്തിന്റെ വരുമാന മാർഗ്ഗങ്ങളായിരിക്കുന്നതാകുന്നു.

4. **വാർഷികം:** ഓരോ സമാജവും യഥോയോഗ്യം വാർഷികം നടത്തേണ്ടതാകുന്നു.

## 8. പലവക

1. അംഗങ്ങൾക്ക് വ്യക്തിപരമായി കേന്ദ്രസമാജത്തിന്റെയോ, ഭദ്രാ

സന സമാജത്തിന്റെയോ, ശാഖാ സമാജത്തിന്റെയോ സ്ഥാവര ജംഗമത്തിന്മേൽ യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല.

2. അംഗങ്ങൾക്ക് പ്രത്യേക സന്ദർഭങ്ങളിൽ ധരിക്കുന്നതിന് ബാഡ്ജ് ഉണ്ടായിരിക്കാവുന്നതാകുന്നു.

3. കേന്ദ്രസമാജത്തിനും ഭദ്രാസന സമാജത്തിനും ഓരോ മുദ്ര ഉണ്ടായിരിക്കേണ്ടതും പ്രധാനപ്പെട്ട രേഖകളിൽ ആ മുദ്ര പതിപ്പിച്ചിരിക്കേണ്ടതുമാകുന്നു.

4. സമാജത്തിന്റെ മുദ്രാവാക്യം പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രകാശിക്കുക എന്ന് ആയിരിക്കുന്നതാകുന്നു.

5. കേന്ദ്രസമാജത്തിന് ഒരു ലോഗോ ഉണ്ടായിരിക്കാവുന്നതാകുന്നു.

6. കേന്ദ്രകമ്മറ്റിയുടെയും പൊതുയോഗത്തിന്റെയും തീരുമാനങ്ങൾ പ്രസിഡന്റിന്റെ അംഗീകാരത്തിന് വിധേയമായിരിക്കുന്നതും അപ്പീലധികാരം പരിശുദ്ധ സുന്നഹദോസിന് ഇരിക്കുന്നതുമാകുന്നു. പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരത്തോടുകൂടി മാത്രം ഈ ഭരണഘടന പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

7. ഈ ഭരണഘടനയിൽ ഏതെങ്കിലും വ്യവസ്ഥകൾ കൂടുതലായി ചേർക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ ആവശ്യം നേരിട്ടാൽ ആയതിന് പ. സുന്നഹദോസിന് ഭേദഗതി സഹിതം കേന്ദ്രകമ്മറ്റി അപേക്ഷ നൽകേണ്ടതും പ. സുന്നഹദോസ് ഭേദഗതി പരിശോധിച്ച് അംഗീകാരം നൽകുന്നപക്ഷം നടപ്പിൽ വരുന്നതുമാകുന്നു.

8. ഇടവകതലത്തിലും, ഭദ്രാസനതലത്തിലും, കേന്ദ്രതലത്തിലും രണ്ടുതവണയിൽ കൂടുതൽ (2 term) -ൽ കൂടുതൽ തുടർച്ചയായി ഭാരവാഹിത്വം വഹിക്കാവുന്നതല്ല.

---

(2015 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചത്.)